അവിസെന്ന എന്ന മഹാൻ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ഒരു ചിന്തകനെന്ന നിലയിൽ അവിസെന്നയുടെ ആരംഭം അരിസ്റ്റോട്ടിലിന്റെ സ്വാധീനത്തിലാണു് കാണാവുന്നതു്. പിന്നെ ന്യൂയോപ്ളേറ്റോണിസത്തിന്റെ ചൈതന്യവലയത്തിൽ വന്നു ആ ധിഷണാശാലി. പ്രകൃതിസങ്കൽപ്പത്തിൽ അരിസ്റ്റോട്ടിലിന്റെയും ധർമ്മശരീരവിജ്ഞാനീയത്തിൽ ഗാലന്റെയും അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും സമാദരണീയമായി സ്വീകരിച്ചു.

മാനവ സംസ്ക്കാരത്തിനു് ഗണ്യമായ സംഭാവനകൾ അരുളി അവിസ്മരണീയനായിത്തീർന്ന ഒരു പ്രതിഭാശാലിയുടെ ജന്മസഹസ്ര വാർഷികം അധികം പേരും അറിയാതെ കടന്നുപോയിരിക്കുന്നു. ഏഷ്യക്കാരായ മഹാന്മാരിൽനിന്നു് ലോകത്തിനു സിദ്ധിച്ചിട്ടുള്ള നേട്ടങ്ങളുടെ ചില ഉദാഹരണങ്ങളായി ഉദ്ധരിക്കാവുന്ന എത്രയോ കാര്യങ്ങൾ ആ മഹാന്റേതായിട്ടുണ്ടു്. എന്നാൽ ഏഷ്യക്കാർ അദ്ദേഹത്തിന്റെ നാമംപോലും അറിയുന്നതു് പാശ്ചാത്യർ ഹീബ്രൂകരിച്ചു് ലത്തീൻ ഭാഷയിൽ പാകപ്പെടുത്തിയ രൂപത്തിലാണു്. അദ്ദേഹത്തെ അനുസ്മരിക്കുവാൻ ഐക്യരാഷ്ട്ര വിദ്യാഭ്യാസ ശാസ്ത്ര സാംസ്കാരിക സംഘടന (UNESCO) ഒരു പതക്കം പുറപ്പെടുവിച്ചിരിക്കുന്നു. അസാമാന്യമായ പ്രതിഭയുടെ ഫലമായിട്ടുളവായ സംഭാവനകൾ കൊണ്ടു് സ്മരണീയരായി ഭവിക്കുന്ന അപൂർവ്വം വ്യക്തികൾക്കുമാത്രമേ ഐക്യരാഷ്ട്ര സംഘടന ഇപ്രകാരമുള്ള ആദരവു് അർപ്പിക്കാറുള്ളൂ.

ആരാണു് ഈ മഹാൻ? തുർക്കിസ്ഥാനിൽ അഫ്ഷാനാ എന്ന സ്ഥലത്തു് ഏ. ഡി. 980-ൽ ഭൂജാതനായ അബു അലി അൽഹുസൈൻ ഇബ്നു അബ്ദുള്ള ഇബ്നുസിഹ — എന്നാണു് പേർ. സർക്കാരിന്റെ നികുതി പിരിവുകാരനായിരുന്ന ഒരു ഉദ്യോഗസ്ഥന്റെ പുത്രൻ, പിൽക്കാലത്തു് അവിസെന്ന എന്ന നാമധേയത്തിൽ പ്രശസ്തനായിത്തീർന്ന വ്യക്തി

ഇബ്നുസീന അസാമാന്യമായ ബുദ്ധിവൈഭവം ബാലനായിരിക്കുമ്പോൾ തന്നെ പ്രകടമാക്കി പത്തു വയസ്സായപ്പോൾ ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയ ഈ ബാലൻ ആറുകൊല്ലംകൊണ്ടു് തത്വദർശനം, ഗണിതം, ജ്യോതിശ്ശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രാവീണ്യം ആർജ്ജിച്ചു; ഗുരുജനങ്ങൾക്കുപോലും പ്രാപിക്കുവാൻ സാധിക്കാത്ത പാണ്ഡിത്യം നേടി. വൈദ്യശാസ്ത്രത്തെയും ഊർജ്ജതന്ത്രത്തെയും സംബന്ധിക്കുന്ന അന്നത്തെ അറിവൊക്കെ സ്വായത്തമാക്കിയതും എടുത്തു പറയേണ്ട കാര്യമാണു്. അധികാരികളുടെ അംഗീകാരമുണ്ടായതു് അന്നു് ബുഖറ ഭരിച്ചിരുന്ന നൂഹ ഇബ്

മലയാളനാട് Feb. 8, 1981

ന മൻസൂറിന്റെ ദുർഘട രോഗം ചികിത്സിച്ചു മാററി വൈദ്യശാസ്ത്ര വൈദഗ്ദ്ധ്യംപ്രദർശിപ്പിച്ചതോടെയാണ് അവിസെന്നയുടെ ജീവിതത്തിലെ മുഖ്യമായ ഒരു വഴിത്തിരിവാണ് അതു സൂചിപ്പിക്കുന്നത്. പ്രാഭവവും പ്രാമാണിത്വവും പ്രഖ്യാപിക്കുന്ന കൊട്ടാരഭാഷ ഗ്വരപ്പട്ടം അദ്ദേഹത്തിനു സിദ്ധിച്ചു അന്നു പതിനെട്ടു വയസ്സായിരുന്നു പ്രായം കൊട്ടാരത്തിലെ സമ്പന്നമായ ഗ്രന്ഥശേഖരം പ്രയോജനപ്പെടുത്തുവാൻ ഇതു വഴിയുണ്ടാക്കി വിവിധ വിഷയങ്ങളിൽ ആധികാരികങ്ങളായ വിശിഷ്ട ഗ്രന്ഥങ്ങൾ ചമയ്ക്കുകയെന്ന സന്തോഷകരമായ ലക്ഷ്യത്തിൽ മുഴുകിയാണു ജീവിച്ചത്. ഇരുപത്തിയൊന്നാമത്തെ വയസ്സിൽ ഗണിതമൊഴികെയുള്ള എല്ലാ വിഷയങ്ങളും ആഴത്തിൽ പ്രതിപാദിക്കുന്ന ഒരു സർവ്വ വിജ്ഞാന കോശം അദ്ദേഹം തയ്യാറാക്കി.

ഇബ്നുസിഹ ജീവിച്ചിരുന്ന കാലഘട്ടത്തിൽ പേർഷ്യൻ ഭൂപ്രദേശം ചെറിയ ചെറിയ രാജ്യങ്ങളായി വിഭജിച്ചു നില്ക്കുകയായിരുന്നു ഈ രാജ്യങ്ങൾ തമ്മിൽ കിടമത്സരങ്ങളും കുഴപ്പങ്ങളും ഒട്ടും കുറവായിരുന്നില്ല എങ്കിലും വിജ്ഞാന വിഭവങ്ങൾ സമാർജ്ജിക്കുന്നതിനു വേണ്ട സാഹചര്യങ്ങൾ ഒരുക്കി അതിലൂടെ നേട്ടങ്ങൾ കൈവരിക്കുന്നതിനും പ്രശസ്തി പെരുക്കുന്നതിനും ഭരണാധികാരികൾ താല്പര്യം പ്രദർശിപ്പിച്ചുപോന്നു യുദ്ധത്തിലെ വിജയക്കൊടിപോലെതന്നെ വിജ്ഞാനത്തിന്റെ വെന്നിക്കൊടിയും വിലപ്പെട്ടതാണെന്ന് അവർ വിശ്വസിച്ചു നവോത്ഥാനകാലത്ത് ഇററലിയിൽ നിലവിലിരുന്ന നവചൈതന്യത്തോട്ട സമാനമായ അന്തരീക്ഷമായിരുന്നു ഈ പ്രദേശങ്ങളിൽ പ്രസരിച്ചിരുന്നത്. ഈ കാലഘട്ടത്തിന്റെ ഒരു സന്തതിയാണ് അവിസെന്നയെന്നു പറയാം. ജീവിതത്തിൽ ഉയർച്ചയും താഴ്ചയും, സുഖദുഃഖങ്ങളും ധാരാളം നേരിട്ടനുഭവിച്ച ഒരു വ്യക്തി. അമിത പ്രഭാവനായ മന്ത്രിസത്തമനായും പ്രാണരക്ഷാർത്ഥം പലായനം ചെയ്യാൻ നിർബ്ബന്ധിതനായിത്തീർന്ന നിരാധാരനായും, സുഖലോലുപ ജീവിതം നയിച്ച ഒരു ലൗകികനായും – എല്ലാം ജീവിതത്തെ മുഖത്തോട്ടുമുഖം കണ്ട ഒരു മനുഷ്യൻ.

ഒരു ചിന്തകനെന്ന നിലയിൽ അവിസെന്നയുടെ ആരംഭം അരിസ്റ്റോട്ടിലിന്റെ സ്വാധീനത്തിലാണ് കാണാവുന്നത് പിന്നെ ന്യൂയോപ്ളേറേറാണിസത്തിന്റെ ചൈതന്യവലയത്തിൽ വന്നു ആ ധിഷണാശാലി. പ്രകൃതി സങ്കല്പത്തിൽ അരിസ്റ്റോട്ടിലിന്റെയും ധർമ്മശരീര വിജ്ഞാനീയത്തിൽ ഗാലന്റെയും അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും സമാദരണീയമായി സ്വീകരിച്ചു.

രാഷ്ട്രീയമാററങ്ങൾ സമാഹിദ് സാമ്രാജ്യത്തെ അതിന്റെ സന്ധ്യാവേളയിലേക്കാണ് നയിച്ചത്. ബുഖറോവിൽ നിന്നു വിട്ടുപോകാതെ വഴിയൊന്നുമില്ലെന്നു കണ്ട ഇബ്നുസിഹ മറുനാട്ടുകളിൽ അറിവിന്റെ പുതിയ മേച്ചിൽ സ്ഥലങ്ങൾ തേടി നടന്നു ഒട്ടുവിൽ ഹമദാനിലെ ഭരണാധിപന്റെ മന്ത്രിയായി. ഇസ്ഫാഹാനിലെ സുൽത്താൻ ഈ പണ്ഡിതനെ സ്ഥാനമാനങ്ങളും മററും നല്കി 024-ൽ മാനിക്കുക മാത്രമല്ല മുഖ്യ ഭിഷഗ്വരനായും ഉപദേഷ്ടാവായും നിയമിക്കുകയും ചെയ്തു തുടർന്നുള്ള ജീവിതഘട്ടം ഗവേഷണത്തിനു പഠനത്തിനും ഗ്രന്ഥരചനയ്ക്കുമായി സമർപ്പിക്കപ്പെപ്പെട്ടതായിരുന്നു.

അവിസെന്ന അധികം കൃതികളും ചമച്ചത് അറബിഭാഷയിലാണ് കുറെ ഗ്രന്ഥങ്ങൾ പേർഷ്യൻ ഭാഷയിലുണ്ട്. ആകപ്പാടെ നൂറോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ടെന്നാണ് പറയപ്പെടുന്നത് ഇതിൽ ചിലത് ഇനിയും കണ്ടെത്തേണ്ടതായിട്ടാണിരിക്കുന്നത്. കൃതികളിലെ വിഷയവൈവിദ്ധ്യം ആരെയും വിസ്മയിപ്പിക്കും അഷ്ഷിഫ (വിമോചിപ്പിക്കൽ) എന്നു പേരുള്ള തത്വശാസ്ത്രഗ്രന്ഥത്തിൽ തന്നെ തർക്കം, മനശ്ശാസ്ത്രം, പ്രകൃതിശാസ്ത്രം ഊർജ്ജതന്ത്രം തുടങ്ങി നിരവധി കാര്യങ്ങൾ പതിനെട്ടു വാല്യങ്ങളിലായി പ്രതിപാദിച്ചിട്ടുണ്ട്. ചികിത്സാശാസ്ത്രത്തിൽ പ്രമുഖപ്രസിദ്ധീകരണമെന്നു പ്രശസ്തി പിടിച്ചെടുത്ത 'അൽ ഖാനൂൺ ഫിത്തി ബ്ബ – എന്ന പുസ്തകം അഞ്ചു വാല്യങ്ങളിലായി പരന്നുകിടക്കുന്നു. അറബിനാട്ടുകളിൽ മാത്രമല്ല യൂറോ

പ്പിലും ഈ കൃതിക്കു് വിപുലമായ പ്രചാരം ലഭിച്ചു പതിനട്ടാം നൂററാണ്ടുവരെ യൂറോപ്പിലെ മുഖ്യ വൈദ്യശാസ്ത്രവിദ്യാകേന്ദ്രങ്ങളിൽ പാഠ്യപുസ്തകമായി സ്വീകരിച്ചിരുന്ന ഈ പ്രാമാണികഗ്രന്ഥം. നേരത്തെതന്നെ ഹീബ്രു ലത്തീൻ ഭാഷകളിൽ തർജ്ജമ ചെയ്യപ്പെട്ടു

സാഹിത്യത്തിലും—പ്രത്യേകിച്ചു് കവിതയിൽ - അവിസെന്ന അസൂയാർഹമായ സ്ഥാനം ആർജ്ജിച്ചിട്ടുണ്ടു്. ഉത്തമ കവിതകൾ രചിച്ചിട്ടുള്ള അദ്ദേഹത്തി



അവിസെന്നയുടെ ബഹുമാനാർത്ഥം യുനെസ്ക്കോ പുറപ്പെടുവിച്ച പതക്കം

ന്റെ കവിയശസ്സും അംഗീകരിക്കപ്പെടേണ്ട ഒരു വസ്തുതയാണു്. ഉമർഖയ്യാമിന്റേതായി പ്രചരിച്ചിട്ടുള്ള ചില കൃതികൾ അവിസെന്നയുടേതാണെന്നാണു് കറെ പണ്ഡിതന്മാരുടെ അഭിപ്രായം.

അത്ഭുതപ്രതിഭാശാലിയായിരുന്ന അവിസെന്ന അവശേഷിപ്പിച്ചിട്ടുള്ള പാദമുദ്രകൾ ലോകവിജ്ഞാനത്തിന്റെ വിശാലമേഖലകളിൽ ഇന്നും മായാതെ കിടപ്പുണ്ടു്. അൻപത്തിയേഴാമത്തെ വയസ്സിൽ ഇസ്ഫഹാനിൽ വച്ചു് 1037-ൽ അദ്ദേഹം അന്തരിച്ചു. അതിനു എത്രയോ മുമ്പു തന്റെ കീഴിൽ കഴിഞ്ഞിരുന്ന അടിമകളെ മോചിപ്പിക്കുക മാത്രമല്ല, സ്വകാര്യസ്വത്തുമുഴുവൻ സാധുക്കൾക്കു് വീതിച്ചു വിതരണം ചെയ്യുകയുമുണ്ടായി.

പൗരസ്ത്യവിജ്ഞാനത്തിന്റെ വെളിച്ചം പാശ്ചാത്യലോകത്തു് പ്രസരിപ്പിക്കുവാൻ പ്രാഭവമാർജ്ജിച്ച പ്രമുഖ പണ്ഡിതന്മാരുടെ പംക്തിയിൽ അവിസെന്നയ്ക്കു് എന്നും സ്ഥാനമുണ്ടായിരിക്കും. അദ്ദേഹത്തോടു ആദരവു പ്രകാശിപ്പിക്കുമ്പോൾ വിജ്ഞാനത്തിനുള്ള സാർവ്വലൗകികസ്വഭാവത്തെ സമാദരിക്കുകയാണു നാം ചെയ്യുന്നതു്. സഹകരണവും സമ്മനോഭാവവുമാണു് മനുഷ്യന്റെ ശാശ്വതമായ ശാന്തിയ്ക്കും നിലനില്പിനും സ്ഥായിയായ ശക്തികളെന്നു വിശ്വസിച്ചിരുന്ന അദ്ദേഹത്തിന്റെ ചിന്തകൾക്കു് ഇന്നും എന്നും പ്രസക്തിയുണ്ടു്.

—o—